വനഭൂമിയിലെ കയ്യേറ്റങ്ങൾ

288 (2117) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ഹൈക്കോടതിഡിവിഷൻ ബെഞ്ചിന്റെ ഒടുവിലത്തെ വിധി പ്രസ്താവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിധിയെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) എത്ര ഹെക്ടറിലധികം വനഭൂമി കൈയ്യേറിയതായിട്ടാണ് കോടതിയെ അറിയിച്ചിരുന്നത് ; കോടതിയ്ക്ക് നൽകിയ ഉറപ്പ് അനുസരിച്ച് എത്ര ഹെക്ടർ ഭൂമി തിരിച്ചുപിടിക്കുകയുണ്ടായി ; ഇതു സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. നമ്പർ 18467/02, ഒ.പി. നമ്പർ 1947/03 എന്നീ കേസ്സുകളിലെ 4-9-2015-ലെ വിധിപ്രകാരം സമയബന്ധിതമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

വിധി പകർപ്പ് ലഭിച്ച തീയതി മുതൽ 6 മാസത്തിനകം കേരള വനനിയമം 1961, കേരള ലാന്റ് കൺസർവൻസി ആക്ട് 1957 എന്നിവ പ്രകാരം കയ്യേറ്റക്കാരന് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ ആരംഭിക്കുകയും തുടർന്നുള്ള 6 മാസത്തിനകം ഒഴിപ്പിക്കൽ പ്രക്രിയ പൂർത്തീകരിക്കുന്നതിനുമാണ് വിധിയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി&സി) ഒ.പി. നമ്പർ 18467/02 കേസിൽ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിൽ 7289.3377 ഹെക്ടർ ഭൂമി കയ്യേറിയതായും 183.64 ഹെക്ടർ ഭൂമി ഒഴിപ്പിച്ചതായും ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തിനുള്ളിലാണ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടത്. കേരളലാന്റ് കൺസർവൻസി ആക്ട് 1957 പ്രകാരം നോട്ടീസ് നൽകി കയ്യേറ്റക്കാരനെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. ഇതിലേയ്ക്കായി അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly